കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല- തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് - നിയമാനുസൃതമല്ലാത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.3046/2013/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 10/12/2013

**പരാമർശം :-**

1. 15/7/2013-ലെ 25940/ആർസി4/2013/തസ്വഭവ നമ്പർ കത്ത്
2. തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിന്റെ 25/10/2013-ലെ IV-ാം നമ്പർ തീരുമാനം
3. തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിന്റെ 20/11/2013-ലെ IX-ാം നമ്പർ തീരുമാനം
4. തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 22/11/2013 ലെ സി4 –3965/13 നമ്പർ കത്ത്

<u>ഉത്തരവ്</u>

തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ തെക്കുംഭാഗം വില്ലേജ് സർവ്വെ 93/14 -ൽപ്പെട്ട 3.24 ആർ കുളം പുറമ്പോക്ക് കൈവശക്കാരിയായ ശ്രീമതി. സരസ്വതിപ്പിള്ളയ്ക്ക് പതിച്ചു നല്കണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് എടുത്ത പരാമർശം (2), (3) പ്രകാരമുള്ള നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾ വിയോജനക്കുറിപ്പ് സഹിതം പരാമർശം (4) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 218(1) വകുപ്പ് പ്രകാരം ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ പ്രത്യേകമായി തരം തിരിച്ചിട്ടില്ലാത്ത എല്ലാ പൊതുജലസ്രോതസുകളും അവയോട് ചേർന്ന പൊതുഭൂമിയും അവ സ്ഥിതിചെയ്യുന്ന ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തവും ആക്ടിലെ മൂന്നാം ഷെഡ്യൂൾ പ്രകാരം അവയുടെ സംരക്ഷണം ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യചുമതലയുമാണ് . 218(3) വകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തുമായി ആലോചിച്ചശേഷം സർക്കാരിന് അത്തരം പുറമ്പോക്കുകളുടെ ഭരണം ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പതിച്ചുനല്കുന്നതിനുവേണ്ടി ഇവയെ പുനർനിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥയില്ല.

പരാമർശിത പുറമ്പോക്ക് ശ്രീമതി.സരസ്വതിപ്പിള്ളയ്ക്ക് പതിച്ചുനല്കുന്നതിലേക്ക് പുനർനിക്ഷിപ്തമാക്കാൻ കഴിയില്ലെന്ന് പരാമർശം (1) പ്രകാരം തെക്കുംഭാഗം

ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും ടി സ്ഥലം അവരിൽ നിന്നും തിരികെയെടുത്ത് സംരക്ഷിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തിരുന്നു

ഈ സാഹചര്യത്തിൽ, പരാമർശം(2),(3) പ്രകാരമുള്ള തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിന്റെ നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 191(2) വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള
ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ളക്സ്, പാളയം ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ)
കേരള, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , കൊല്ലം
പ്രസിഡന്റ്/സെക്രട്ടറി , തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത്,
ചവറ സൗത്ത് പി.ഒ, കൊല്ലം 691584
ജില്ലാ കളക്ടർ, കൊല്ലം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.